(ഡി) ഉണ്ടെങ്കിൽ സുപ്രീകോടതിയുടെ പ്രസ്തുത ചോദ്യത്തിന് സർക്കാർ മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില സ്വകാര്യ സ്കൂൾ മാനേജർമാരാണ് എതിർ കക്ഷികൾ. ഇവരിൽ മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി (എം.ഇ.എസ്.) എസ്. എൻ. ട്രസ്റ്റ് എന്നീ മാനേജ്മെന്റുകളും ചില എയ്ഡഡ് സ്കൂൾ മാനേജർമാരും പെടും.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

ബി. എഡ്. സെന്ററുകൾക്ക് എൻ. സി. ടി. ഇ. അംഗീകാരം നിഷേധിച്ച നടപടി

105 (2981) ശ്രീ. എം. മുരളി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 വർഷത്തിൽ സംസ്ഥാനത്തെ എത്ര ബി.എഡ്. സെന്ററുകൾക്ക് എൻ. സി. ടി. ഇ. അംഗീകാരം നിഷേധിച്ചതുമൂലം തുടർന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടു ;

(ബി) ഇവയുടെ അംഗീകാരം നിഷേധിക്കപ്പെടാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 29 സെന്റർ. തുടർന്ന് പ്രവർത്തിക്കാനുള്ള സാഹചര്യം നിഷേധിക്കപ്പെട്ടിട്ടില്ല.

(ബി) 1:10 എന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നടപ്പാക്കാത്തതും, ലബോറട്ടറി, ലൈബ്രറി, കെട്ടിട സൗകര്യങ്ങൾ , ഫർണ്ണിച്ചർ, പഠനോപകരണങ്ങൾ, കളിസ്ഥലം തുടങ്ങി എൻ. സി. ടി. ഇ. യുടെ നിബന്ധനകൾ നടപ്പാക്കാത്തതുമാണ് കാരണം.

(സി) എൻ. സി. ടി. ഇ. അധികാരികളുമായി സർക്കാർ പ്രതിനിധി ഇക്കാര്യം ചർച്ച ചെയ്യുകയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 എന്ന നിർദ്ദേശം പാലിക്കാത്ത ഒറ്റകാരണത്താൽ അംഗീകാരം പിൻവലിക്കുന്നതല്ലെന്ന് എൻ. സി. ടി. ഇ. ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു നിബന്ധനകൾ

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിന് സർവ്വകലാശാലകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിലെ താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം

106 (2982) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള വരുമാന പരിധി എത്രയാണ് ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തെ തുടർന്ന് ഈ ആനുകൂല്യം ലഭിച്ചിരുന്ന നിരവധി വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഫീസ് സൗജന്യം നിഷേധിക്കപ്പെട്ടിരിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സാഹചര്യത്തിൽ താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രീഡിഗ്രിയ്ക്ക് 20,000 രൂപയും ഡിഗ്രിയ്ക്ക് 25,0000 രൂപയും

(ബി) ഉണ്ട്.

(സി) പരിഗണിക്കുന്നതാണ്.

കേരള യൂണിവേഴ്സിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികകൾ

107 (2984) ശ്രീ. ബി. വിജയകുമാർ :
ശ്രീ.കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ യൂണിവേഴ്സിറ്റിയിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) ഈ തസ്തികയിലേക്കുള്ള ടെസ്റ്റ് നടത്തിയതെന്നാണ് ;

(സി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ട് ;

(ഇ) ഈ റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിരമായോ താൽക്കാലികമായോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം; എപ്രകാരം നിയമിച്ചു ; റാങ്ക് ലിസ്റ്റിലെ അവരുടെ റാങ്ക് നമ്പർ എത്രയാണ് ;

(എഫ്) ഈ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly